# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 929 11/06/2014 ൽ മറുപടിയ്ക്ക്

**പട്ടിക സമുദായത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ പുരോഗതി**

| ചോദ്യം<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ് | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പട്ടികസമുദായത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ സാമൂഹ്യ പുരോഗതി ത്വരിതപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കുമോ ; | (എ) | I സംസ്ഥാനത്തെ പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന ആനുകൂല്യങ്ങൾ വകുപ്പിൽ നിന്നും അനുവദിച്ചുവരുന്നു.<br>1) 1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് ലംപ്സംഗ്രാന്റ് വിതരണം ചെയ്യുവരുന്നു.<br>2) 9, 10 ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര ധനസഹായത്തോടെ പ്രീമെട്രിക് സ്കോളർഷിപ്പ് നൽകിവരുന്നു.<br>3) 9, 10, +1, +2 എന്നീ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്ന പദ്ധതി പ്രകാരം സ്പെഷ്യൽ കോച്ചിംഗ് നൽകിവരുന്നു.<br>4) വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്ക് ധനസഹായം നൽകിവരുന്നു.<br>5) അൺ എയ്ഡഡ് സ്കൂളുകളിൽ പഠിയ്ക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് |

| | | | |
|---|---|---|---|
| | | | നൽകുന്നുണ്ട്.<br>6) ബോർഡിംഗ് സ്കൂളിൽ പഠിയ്ക്കുന്നതിനുള്ള സൗകര്യം നൽകിവരുന്നു.<br>7) അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് നൽകിവരുന്നു.<br>8) പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം (പത്താം ക്ലാസ്സിന് ശേഷം) ലംപ്സംഗ്രാന്റും സ്റ്റൈപന്റും നൽകി വരുന്നു.<br>9) വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം നൽകുന്നു.<br>10) എസ്.എസ്.എൽ.സി, +2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് (4 ഗ്രാം) സ്വർണ്ണ മെഡൽ നൽകുന്നു. കൂടാതെ മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും (8 ഗ്രാം) സ്വർണ്ണ മെഡൽ നൽകുന്നു.<br>11) ക്ഷേത്ര പ്രവേശന വിളംബര സ്മാരക സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു.<br>12) എസ്.എസ്.എൽ.സി. യ്ക്ക് എല്ലാ വിഷയങ്ങൾക്കും B+ ന് മുകളിൽ ലഭിക്കുന്ന കുട്ടികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം.<br>13) സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിയ്ക്കുന്നവർക്ക് ആനുകൂല്യം നൽകുന്നുണ്ട്.<br>14) എഞ്ചിനീയറിംഗ്/ മെഡിക്കൽ കോഴ്സുകൾക്ക് |

| | | | |
|---|---|---|---|
| | | | അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ് അനുവദിച്ചു വരുന്നു. |
| | | | 15) ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം നൽകുന്നുണ്ട്. |
| | | | 16) സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്നവർക്ക് ആനുകൂല്യം അനുവദിച്ചുവരുന്നു. |
| | | | 17) വിദേശത്ത് പഠിക്കുന്നവർക്ക് ധനസഹായം നൽകിവരുന്നു. |
| | | | 18) പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം നൽകുന്നു.. |
| | | | 19) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് ലംപ്സം ഗ്രാന്റും സ്റ്റൈപന്റും നൽകി വരുന്നു. |
| | | | 20) സംസ്ഥാന കലോത്സവങ്ങളിൽ A grade കിട്ടുന്നവർക്ക് 10,000/- യും ജില്ലാ കലോത്സവങ്ങളിൽ എഗ്രേഡ് നേടുന്നവർക്ക് 5,000/- രൂപയും പാരിതോഷികമായി നൽകുന്നു. |
| | | | II) സാമൂഹ്യപരമായ പുരോഗതി ത്വരിതപ്പെടുത്തുവാൻ താഴെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നുണ്ട്. |
| | | | 21) വിവാഹ ധനസഹായം വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ നൽകിവരുന്നു. |
| | | | 22) മിശ്രവിവാഹിതർക്ക് ധനസഹായം ഒരാൾ പട്ടികജാതിയും മറ്റേയാൾ ഇതര സമുദായവും ആണെങ്കിൽ ഈ ധനസഹായം അനുവദിച്ചുവരുന്നു. |
| | | | 23) ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിവരുന്നു. |

| | | | |
|---|---|---|---|
| | | | 24) ഭവന നിർമ്മാണ ഗ്രാന്റ് ഓൺലൈനായി വിതരണം ചെയ്തുവരുന്നു.<br>25) ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി (അതിദുർബല സമുദായങ്ങൾക്ക്) ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള ധനസഹായം നൽകുന്നു.<br>26) ടോയ് ലറ്റ് നിർമ്മാണത്തിന് ധനസഹായം നൽകിവരുന്നു.<br>27) പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധി (മാരകമായ രോഗങ്ങൾ ബാധിച്ചവർക്കുള്ള ചികിത്സ ധനസഹായം).<br>28) ഉദ്യാഗാർത്ഥികൾക്ക് യാത്രാബത്ത (പി.എസ്.സി, യു.പി.എസ്.സി എന്നീ പരീക്ഷകളിൽ പങ്കെടുക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് യാത്രാപ്പടി നൽകുന്നു.<br>29) ഭവന പുനരുദ്ധാരണ ധനസഹായം.<br>30) വിദേശത്ത് തൊഴിൽ തേടുന്നതിന് സാമ്പത്തിക സഹായം. |
| (ബി) | പട്ടിക സമുദായത്തിൽപ്പെട്ടവരുടെ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ അവർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് വ്യക്തമാക്കുമോ ? | (ബി) | ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ എത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ